**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **19-01-2021 - ൽ മറുപടിയ്ക്ക്**

**മഹിളാ കിസാൻ സശാക്തീകരൺ പരിയോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | മഹിളാ കിസാൻ സശാക്തീകരൺ പരിയോജന സംസ്ഥാനത്ത് നിലവിലുണ്ടോ? ഉണ്ടെങ്കിൽ പദ്ധതി എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട് എന്നും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | മഹിളാകിസാൻ സശാക്തീകരൺ പരിയോജന പദ്ധതി 2011-ൽ ആരംഭിച്ച് 2020 മാർച്ചോട്ടുകൂടി അവസാനിക്കുകയുണ്ടായി. യന്ത്ര വൽകൃത കൃഷി രീതിയിലൂടെ സ്ത്രീ തൊഴിലാളികൾക്ക് അധികവരുമാനവും സ്ഥിര വരുമാനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമവികസന വകുപ്പ് മുഖാന്തിരവും, 150000വനിതകളെ കാർഷികവൃത്തിയിലേക്ക് കൊണ്ടുവന്ന് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക, 30000 കൃഷിസംഘങ്ങളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ മുഖാന്തിരവും ആണ് എം.കെ.എസ്.പി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിരുന്നത്. ഗ്രാമവികസന വകുപ്പ് ആദ്യഘട്ടത്തിൽ മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലും 2016-ലും 2018-ലുമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുടുംബശ്രീ പദ്ധതി കാലയളവിൽ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുതപദ്ധതിയുടെ ഉദ്യോഗസ്ഥ ഘടന ഏതുവിധത്തിൽ ആണെന്നും വിവിധ കാലഘട്ടങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ ആയിട്ടുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ? ശമ്പളത്തിനും ഭരണപരമായ ചെലവുകൾക്കും എത്ര തുക വീതം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) | ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥ ഘടന 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 2) ഹെഡ് അക്കൗണ്ടന്റ് 3) ഡേറ്റാ എൻട്രി ഓപ്പറേറ്റർ 4) ഓഫീസ് ക്ലാർക്ക് 5) ഓഫീസ് അസിസ്റ്റന്റ് 6) ഫീൽഡ് കോ-ഓർഡിനേറ്റേഴ്സ് വിവിധ കാലഘട്ടങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിവരങ്ങൾ 1. മോഹൻകുമാർ (27.06.2011- 30.04.2013) - അഡീഷണൽ ചാർജ് 2. സി.ചന്ദ്രബാബു (01-05-2013- 19.01.2014)- അഡീഷണൽ ചാർജ് 3. കെ.ശശിധരൻ നായർ ( 20.01.2014- 16.08.2014) 4. വി.എസ്.സന്തോഷ് കുമാർ (18.08.2014-26.08.2016) 5. വി.അജയകുമാർ ( 26.08.2016-31.03.2017) 6. വി.എസ്.സന്തോഷ് കുമാർ (01.04.2017- 19.06.2017)-അഡീഷണൽ ചാർജ് |

| | | | |
|---|---|---|---|
| | | | 7. കെ.അനിൽ ബാബു (19.06.2017- 24.10.2017) 8. പി.അബ്ദുൾ അസീസ് ( 24.10.2017-29.06.2018) 9. സി.വി.ജോയ് (29.06.2018-14.01.2019) 10. ഡോ.പി.കെ.സനിൽകുമാർ (14.01.2019-29.02.2020) 11. വി.എസ്.സന്തോഷ് കുമാർ (01.03.2020 മുതൽ)- അഡീഷണൽ ചാർജ് ശമ്പളത്തിനായി 2,11,76,314/- രൂപയും, ഭരണപരമായ ചെലവുകൾക്കായി 45,90,352/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ കുടുംബശ്രീയിൽ എം.കെ.എസ്.പിക്കായി സി.ഇ.ഒ യെ നിയമിച്ചിട്ടില്ലായിരുന്നു. സംസ്ഥാനതലത്തിൽ പ്രോഗ്രാം ഓഫീസർ, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരും, 14 ജില്ലകളിലായി 14 പ്രോഗ്രാം മാനേജർമാരും, 152 ബ്ലോക്കുകളിലായി 155 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരും എം.കെ.എസ്.പി പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചിരുന്നു. ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കും 4.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഓരോ വർഷവും യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും ഇതുപയോഗിച്ച് ഓരോ ബ്ലോക്കിലും എത്രമാത്രം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും അറിയിക്കുമോ; | (സി) | ഗ്രാമവികസന വകുപ്പ് 2012-13- 0 2013-14- 0 2014-15- 3,16,99,967/- 2015-16- 2,97,20,864/- 2016-17- 1,83,86,518/- 2017-18- 13,53,250/- 2018-19- 34,12,750/- 2019-20 - 2,35,90,500/- ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തികൾ അനുബന്ധം ആയി ചേർക്കുന്നു. കുടുംബശ്രീ കുടുംബശ്രീ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെൻററുകൾ മുഖാന്തിരം കാർഷിക യന്ത്രോപകരണങ്ങളായ പമ്പ്സെറ്റ്, വീഡ്കട്ടർ, വീൽബാരോ, സ്പ്രേയർ, കോണോവീഡർ, ടില്ലർ, പാഡി സീഡർ എന്നിവ കൃഷിസംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 3,96,31,003/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ കണക്കുകൾ ഓഡിറ്റിങ്ങിന് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഏത് ഏജൻസിയാണ് കണക്ക് ഓഡിറ്റ് ചെയ്യുന്നതെന്ന് അറിയിക്കുമോ; | (ഡി) | ഉണ്ട്. ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പാക്കിയ എം.കെ.എസ്.പി പദ്ധതിയുടെയും, കുടുംബശ്രീ മുഖാന്തിരം നടപ്പാക്കിയ എം.കെ.എസ്.പി പദ്ധതിയുടെയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാരാണ്. |
| (ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെങ്കിലും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ബ്ലോക്കിന്റെ പേര് | നെൽകൃഷി ചെയ്യുന്നത് (ഏക്കറിൽ) |
|---|---|---|
| തൃശ്ശൂർ | ചാവക്കാട് | 916.7 |
| | ചൊവ്വന്നൂർ | 1222.9 |
| | വടക്കാഞ്ചേരി | 0 |
| | പഴയന്നൂർ | 1012 |
| | ഒല്ലൂക്കര | 823 |
| | പുഴയ്ക്കൽ | 1026 |
| | മുല്ലശ്ശേരി | 478.33 |
| | തളിക്കുളം | 225 |
| | അന്തിക്കാട് | 1014 |
| | ചേർപ്പ് | 843.6 |
| | കൊടകര | 1235.5 |
| | ഇരിങ്ങാലക്കുട | 1012.6 |
| | വെള്ളാങ്കല്ലൂർ | 758.21 |
| | മതിലകം | 252 |
| | മാള | 1179.9 |
| | ചാലക്കുടി | 1154.6 |
| | **ആകെ** | **13154.34** |
| പാലക്കാട് | ആലത്തൂർ | 2520.3 |
| | ചിറ്റൂർ | 852.26 |
| | കുഴൽമന്ദം | 3524.24 |
| | കൊല്ലങ്കോട് | 3476.4 |
| | മലമ്പുഴ | 246.5 |
| | മണ്ണാർക്കാട് | 452 |
| | നെന്മാറ | 1766 |
| | ഒറ്റപ്പാലം | 1206 |
| | പട്ടാമ്പി | 393 |
| | പാലക്കാട് | 3396 |
| | ശ്രീകൃഷ്ണപുരം | 387 |

| | | |
|---|---|---|
| | തുത്താല | 458 |
| | **ആകെ** | **18677.7** |
| മലപ്പുറം | മലപ്പുറം | 664 |
| | കൊണ്ടോട്ടി | 503 |
| | വേങ്ങര | 407.7 |
| | തിരൂരങ്ങാടി | 468 |
| | താനൂർ | 330.5 |
| | അരീക്കോട് | 509.6 |
| | നിലമ്പൂർ | 272 |
| | കാളികാവ് | 570.8 |
| | വണ്ടൂർ | 459 |
| | പൊന്നാനി | 538.8 |
| | പെരുമ്പടപ്പ് | 470.1 |
| | കുറ്റിപ്പുറം | 757.7 |
| | പെരിന്തൽമണ്ണ | 586.7 |
| | മങ്കട | 295.95 |
| | തിരൂർ | 512.25 |
| | **ആകെ** | **7346.1** |
| എറണാകുളം | അങ്കമാലി | 54.13 |
| | കുറുപ്പംപടി | 110.6 |
| | മൂവാറ്റുപുഴ | 15.5 |
| | പള്ളുരുത്തി | 5.25 |
| | പാറക്കടവ് | 211 |
| | വടവുകോട് | 8.2 |
| | വാഴക്കുളം | 13.11 |
| | **ആകെ** | **417.79** |
| കോഴിക്കോട് | തോടന്നൂർ | 25 |
| | പന്തലായനി | 34.5 |
| | മേലടി | 2 |
| | ചേളന്നൂർ | 4 |
| | പേരാമ്പ്ര | 5 |
| | **ആകെ** | **70.5** |

| | | |
|---|---|---|
| ആലപ്പുഴ | അമ്പലപ്പുഴ | 10 |
| | ഭരണിക്കാവ് | 70 |
| | മാവേലിക്കര | 30 |
| | **ആകെ** | **110** |
| തിരുവനന്തപുരം | കിളിമാന്നൂർ | 14 |
| | ചിറയിൻകീഴ് | 6 |
| | **ആകെ** | **20** |
| കൊല്ലം | കൊട്ടാരക്കര | 13.5 |
| | വെട്ടിക്കവല | 8.60 |
| | ചടയമംഗലം | 9.50 |
| | അഞ്ചൽ | 10.70 |
| | മുഖത്തല | 68 |
| | ചവറ | 3 |
| | ഓച്ചിറ | 1 |
| | ശാസ്താംകോട്ട | 13 |
| | **ആകെ** | **127.3** |
| കണ്ണൂർ | എടക്കാട് | 25.36 |
| | കണ്ണൂർ | 1 |
| | കല്ല്യാശ്ശേരി | 50.64 |
| | ഇരിട്ടി | 11.76 |
| | തളിപ്പറമ്പ | 2.90 |
| | പയ്യന്നൂർ | 12.5 |
| | ഇരിക്കൂർ | 5.84 |
| | **ആകെ** | **110** |